LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി മണ്ഡലത്തിലെ പുതിയ മാവേലി സ്റ്റോറുകൾ

117 (131) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി എത്ര മാവേലിസ്റ്റോർ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പഞ്ചായത്ത് തലത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൂന്ന് മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചു.

(ബി) ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ ഒള്ളൂർ, എലത്തൂർ പഞ്ചായത്തിലെ പുതിയനിരത്ത് എന്നീ മാവേലിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു. എന്നാൽ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ തലയാടിൽ പുതിയ മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. അത് പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

തൃക്കരിപ്പൂർ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ

118 (132) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിൽ മലയോര മേഖല കേന്ദ്രീകരിച്ച് ഒരു സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് ഡിപ്പോക്ക് കീഴിൽ മലയോര മേഖലയായ വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി പഞ്ചായത്തുകളിൽ നർക്കിലക്കാട്, ചിറ്റാരിക്കൽ എന്നീ സ്ഥലങ്ങളിലും തളിപ്പറമ്പ് ഡിപ്പോക്ക് കീഴിൽ അരവഞ്ചാൽ എന്ന സ്ഥലത്തും മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ ഡിപ്പോക്ക് കീഴിൽ കാങ്കോൽ, ചെറുപുഴ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിച്ചുവരുന്നു. ആയതിനാൽ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിക്കുന്നതിന് പ്രസക്തിയില്ല. എന്നിരുന്നാലും വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമെന്നുകണ്ടാൽ മലയോര പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണ്.